# FOCUS AREA

# 4. EXECUTIVE

The powers of the government are divided into three organs: the Executive, the Legislature and the Judiciary. The main responsibility of the executive is to implement policies and laws approved by the legislature.

## PARLIAMENTARY EXECUTIVE IN INDIA

The Constitution of India prescribes a system of parliamentary executive at Center and State level. The Central Executive comprises the President, the Vice President, the Prime Minister, the Cabinet and the Bureaucracy. The State Executive comprises the Governor, the Chief Minister, ministers and government officials.

## Reasons to adopt Parliamentary system

**1. Familiar System** - During the British period, there was a form of parliamentary system existed in India.

**2. Responsible Government** - The parliamentary system is more responsible to the people and the parliament.

**3. Prevents Despotism** - There is less chance of personal worship and dictatorship in the parliamentary system.

e PLUS KERALA in YouTube

## The President

The President is the Head of the Indian State . He is also known as India's first citizen. Dr. Rajendra Prasad was the first President of India. The current President of India is Ram Nath Kovind.

**Election of the President** - The President is elected by an Electoral College which consists of elected Members of Parliament and State Legislatures. President is elected for a term of 5 years.

**Impeachment -** The President can be removed from office only through impeachment. The President can be released only if there is a special majority in Parliament. The President can only be impeached if he violates the Constitution.

**Powers of the President –** President has major powers in a parliamentary system. These powers are in reality used by the president only on the advise given by the Cabinet . The following are the major powers that the President can exercise in accordance with the decision of the ruling party:

- Appointment of Prime Minister and other ministers.
- Summons the Parliament. -
- Nominates 12 members to Rajya Sabha and 2 members to Lok Sabha.
- Appoints judges of Supreme Court and High Courts.
- Acts as Commander – in- Chief of the Indian Armed Forces.

## Discretionary Powers of the President

The power of the President of India to take independent decisions in certain circumstances is known as discretionary powers. The President can exercise his discretion in three different situations.

1. The advice given by the Cabinet may be returned for reconsideration. The President is obliged to accept the Cabinet decision if it returns again without modification.
2. The bills passed by Parliament may be returned for reconsideration. He can also withhold the bill. President's possession of a without giving assent is known as pocket veto. The President is obliged to sign the bill if it is submitted to the President's again with or without change.
3. If no political party has a clear majority in the Lok Sabha elections, the President may use his discretionary power to select the Prime Minister.

## The Prime Minister

The Prime Minister is the head of the government and cabinet . Prime Minister is appointed by the President. The Leader of a majority party in the Lok Sabha is appointed as Prime Minister. If no political party has a clear majority in the Lok Sabha elections, the President can use his discretionary power to choose the Prime Minister. The major powers of the prime minister is given below :

1. Advise the President
2. Select the Ministers
3. Allocate the rank and portfolio of ministers

ePLUS KERALA in YouTube

4. Act as a link between the President and the Cabinet.
5. Decide the policies of the government.
6. Represent the country in international platforms.

**Collective Responsibility -** The Prime Minister and Ministers are responsible to the Lok Sabha. All Ministers are bound to accept and implement the decisions taken by the Cabinet. Ministers who refuse to accept Cabinet decisions should resign from the Cabinet. All ministers, including the prime minister, must resign if a motion of no-confidence is passed against any minister.

## Coalition Government

When no political party gets a clear majority in the Lok Sabha elections, multiple political parties form a coalition government. Between 1989 and 2014, several coalition ministries came to power in India. The following are the major changes that the coalition ministries have made in Indian politics.

1. The power of the Prime Minister has diminished.
2. The President's discretion increased.
3. The Prime Minister's power to select ministers has diminished.
4. Negotiations with allies are inevitable in government policy making.
5. Many coalition ministries failed to complete a five-year term.
6. Regional political parties have become increasingly important in national politics.

## Size of the Cabinet

According to the Nineteenth Amendment to the Constitution, the number of ministers has been reduced to 15% of the total number of Members of Parliament / State Legislatures. This provision was made to prevent ministers from buying into the government.

## Bureaucracy

The bureaucracy is a bureaucracy that helps ministers to formulate and implement policies. Government officials should not take active political action. The following are some of the key differences between a political executive and a permanent executive.

ePLUS KERALA in YouTube

| Political executive | Permanent executive |
| --- | --- |
| • Elected by the people | • Selected on the basis of merit |
| • No specific educational qualifications | • Specific educational qualifications are needed |
| • Non permanent. Elected for a term of five years | • Permanent. Remain in office till their retirement |
| • Not trained | • Trained |

## Types of Civil Services

The Indian Civil Service is divided into three categories.

**All India Service -** The All India Service is comprised of personnel working under the Central Government and the State Governments. The existing three all-India services are the Indian Administrative Service, the Indian Police Service and the Indian Forest Service.

**Central Service -** Officers who work only under the Central Government are part of the Central Service. Indian Foreign Service, Indian Railways and Indian Revenue Service are examples of central service.

**State Service -** Officers working only under the State Government, State Sales Tax Officers and State Civil Service are part of the State Service.

The Union Public Service Commission elects the officers of the All India Service and the Central Service. The officers of the State Service are also appointed by the Public Service Commission of the State.

## Criticisms against bureaucracy

- The public is unable to approach many government officials.
- Many government officials are not interested in public issues.
- The needs of the public are often not met on time.
- There are corrupt people in the bureaucracy.
- There are situations where officials cannot function independently due to political interference.

© PLUS KERALA in YouTube

# 4. കാര്യനിർവഹണ വിഭാഗം

ഗവൺമെന്റിന്റെ അധികാരങ്ങൾ കാര്യനിർവഹണ വിഭാഗം,നിയമനിർമാണ വിഭാഗം, നീതിന്യായ വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങൾക്കായി വിഭജിച്ചു നൽകിയിരിക്കുന്നു.

## കാര്യനിർവഹണ വിഭാഗം

നിയമനിർമാണസഭ അംഗീകരിച്ച നയങ്ങളും നിയമങ്ങളും നടപ്പിലാക്കുക എന്നതാണ് കാര്യനിർവഹണവിഭാഗത്തിന്റെ പ്രധാന ഉത്തരവാദിത്വങ്ങൾ.

### ഇന്ത്യ പാർലമെൻററി വ്യവസ്ഥ സ്വീകരിക്കുവാനുള്ള കാരണങ്ങൾ

1. പരിചിതമായ വ്യവസ്ഥ - ബ്രിട്ടീഷ് ഭരണകാലത്തു ചെറിയ തോതിലുള്ള പാർലമെൻററി ഇന്ത്യയിൽ വ്യവസ്ഥ നിലനിന്നിരുന്നു.
2. ഉത്തരവാദിത്വമുള്ള ഗവണ്മെന്റ് - ജനങ്ങളോടും പാർലമെന്റിനോടും ഉത്തരവാദിത്വമുള്ളതാണ് പാർലമെൻററി വ്യവസ്ഥ.
3. വ്യക്തിപൂജയെ എതിർക്കുന്നു - പാർലമെൻററി വ്യവസ്ഥയിൽ വ്യക്തിപൂജയ്ക്കും സ്വേച്ഛാധിപത്വത്തിനുമുള്ള സാധ്യത കുറവാണ് .

## രാഷ്ട്രപതി

രാഷ്ട്രപതിയാണ് ഇന്ത്യയുടെ രാഷ്ട്രത്തലവൻ. ഇന്ത്യയുടെ പ്രഥമപൗരൻ എന്നറിയപ്പെടുന്നതും രാഷ്ട്രപതിയാണ്. ഡോ: രാജേന്ദ്ര പ്രസാദ് ആയിരുന്നു ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതി. റാം നാഥ് കോവിന്ദ് ആണ് ഇന്ത്യയുടെ നിലവിലുള്ള രാഷ്ട്രപതി.

**രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പ്-** പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും തെരഞ്ഞെടുക്കപെട്ട അംഗങ്ങളടങ്ങിയ ഒരു ഇലക്റ്ററൽ കോളേജ് ആണ് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്. രാഷ്ട്രപതിയുടെ കാലാവധി 5 വർഷമാണ്.

**ഇംപീച്ച്മെന്റ് -** രാഷ്ട്രപതിയെ അധികാരത്തിൽ നിന്നും പുറത്താക്കുവാനുള്ള നടപടി ഇംപീച്ച്മെന്റ് എന്നറിയപ്പെടുന്നു. പാർലമെന്റിലെ പ്രത്യേക ഭൂരിപക്ഷം ഉണ്ടെങ്കിൽ മാത്രമേ രാഷ്ട്രപതിയെ പുറത്തുക്കുവാൻ സാധിക്കുകയുള്ളൂ. ഭരണഘടനാ ലംഘനം നടത്തിയാൽ മാത്രമേ രാഷ്ട്രപതിയെ ഇംപീച്ച്മെന്റിനു വിധേയനാക്കുവാൻ സാധിക്കുകയുള്ളൂ.

### രാഷ്ട്രപതിയുടെ അധികാരങ്ങൾ

കേന്ദ്ര ഗവണ്മെന്റിന്റെ പ്രധാന അധികാരങ്ങളിൽ പലതും രാഷ്ട്രപതിയിൽ നിഷിപ്തമാണെങ്കിലും അവയെല്ലാം മന്ത്രിസഭാ

തീരുമാനങ്ങൾക് വിധേയമായി നിറവേറ്റേണ്ടതാണ്. ഭരണപക്ഷത്തിന്റെ ഇടപെടലുകൾക്ക് അനുസൃതമായി രാഷ്ട്രപതി നിറവേറ്റുന്ന പ്രധാന അധികാരങ്ങൾ ചുവടെ ചേർക്കുന്നു.

- പ്രധാനമന്ത്രിയെയും മറ്റു മന്ത്രിമാരെയും നിയമിക്കുക.
- പാർലമെന്റ് സമ്മേളനം വിളിച്ചു കൂട്ടുക.
- രാജ്യസഭയിലേയ്ക്ക് 12 അംഗങ്ങളെയും ലോക്സഭയിലേയ്ക്ക് 2 അംഗങ്ങളെയും നാമനിർദേശം ചെയ്യുക.
- സുപ്രീം കോടതിയിലെയും ഹൈകോടതികളിലെയും ജഡ്ജിമാരെ നിയമിക്കുക.
- ഇന്ത്യൻ സായുധസേനയുടെ തലവനായി പ്രവർത്തിക്കുക.

**രാഷ്ട്രപതിയുടെ വിവേചനാധികാരങ്ങൾ**

ചില പ്രത്യേക സാഹചര്യങ്ങളിൽ സ്വതന്ത്ര തീരുമാനം എടുക്കുവാനുള്ള ഇന്ത്യൻ രാഷ്ട്രപതിയുടെ അവകാശം വിവേചനാധികാരം എന്നറിയപ്പെടുന്നു. മൂന്ന് വ്യത്യസ്ത സാഹചര്യങ്ങളിലാണ് രാഷ്ട്രപതിക്ക് വിവേചനാധികാരം ഉപയോഗിക്കുവാൻ സാധിക്കുന്നത്.

1. മന്ത്രിസഭ നൽകിയ ഉപദേശം പുനഃപരിശോധനയ്ക്ക് വേണ്ടി തിരിച്ചയയ്ക്കാവുന്നതാണ്. മന്ത്രിസഭ തീരുമാനം മാറ്റമൊന്നും കൂടാതെ വീണ്ടും അനുമതിയ്ക്കായി സമർപ്പിച്ചാൽ അംഗീകരിക്കുവാൻ രാഷ്ട്രപതി നിർബന്ധിതനാണ്.
2. പാർലമെന്റ് പാസ്സാക്കിയ ബില്ലുകൾ പുനഃപരിശോധനയ്ക്ക് വേണ്ടി തിരിച്ചയയ്ക്കുകയോ ഒപ്പ് വെയ്ക്കാതെ കയ്യിൽ വെയ്ക്കുകയോ ചെയ്യാവുന്നതാണ്. ബില്ല് ഒപ്പു വെയ്ക്കാതെ രാഷ്ട്രപതി കൈവശം വെക്കുന്നതിനെ 'പോക്കറ്റ് വീറ്റൊ' എന്നാണ് വിശേഷിപ്പിക്കുന്നത്. ബില്ല് മാറ്റമൊന്നും കൂടാതെ വീണ്ടും പാസ്സാക്കിയതിനു ശേഷം രാഷ്ട്രപതിയുടെ അനുമതിയ്ക്കായി സമർപ്പിച്ചാൽ ഒപ്പിടാൻ രാഷ്ട്രപതി നിർബന്ധിതനാണ്.
3. ലോക്സഭ തെരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയ പാർട്ടിയ്ക്കും വ്യക്തമായ ഭൂരിപക്ഷം കിട്ടിയില്ലെങ്കിൽ രാഷ്ട്രപതിയ്ക്ക് വിവേചനാധികാരം ഉപയോഗിച്ച പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കാവുന്നതാണ്.

## പ്രധാനമന്ത്രി

പാർലമെൻററി സമ്പ്രദായത്തിൽ വളരെ പ്രധാനപ്പെട്ട പദവിയാണ് പ്രധാനമന്ത്രിസ്ഥാനം. പ്രധാനമന്ത്രിയെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. ലോക്സഭയിലെ ഭൂരിപക്ഷപാർട്ടിയുടെയോ/

e PLUS KERALA in YouTube

കക്ഷിയുടെയോ നേതാവിനെയാണ് പ്രധാനമന്ത്രിയായി നിയമിക്കുന്നത്. ലോക്സഭ തെരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയ പാർട്ടിയ്ക്കും വ്യക്തമായ ഭൂരിപക്ഷം കിട്ടിയില്ലെങ്കിൽ രാഷ്ട്രപതിയ്ക്ക് വിവേചനാധികാരം ഉപയോഗിച്ച പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കാവുന്നതാണ് .

**പ്രധാനമന്ത്രിയുടെ അധികാരങ്ങൾ**

1. രാഷ്ട്രപതിയെ ഉപദേശിക്കുക
2. മന്ത്രിമാരെ തെരഞ്ഞെടുക്കുക
3. മന്ത്രിമാരുടെ റാങ്കും വകുപ്പുകളും തീരുമാനിക്കുക
4. രാഷ്ട്രപതിയും മന്ത്രിസഭയും തമ്മിലുള്ള കണ്ണിയായി പ്രവർത്തിയ്ക്കുക
5. ഗവൺമെന്റിന്റെ നയങ്ങൾ തീരുമാനിക്കുക
6. രാജ്യത്തെ അന്താരാഷ്ട്രതലത്തിൽ പ്രതിനിധാനം ചെയ്യുക

**മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം**

പ്രധാനമന്ത്രിയ്ക്കും മന്ത്രിമാർക്കും ലോക്സഭയോട് കൂട്ടുത്തരവാദിത്വമുണ്ട്. മന്ത്രിസഭാ എടുക്കുന്ന തീരുമാനങ്ങൾ അനുസരിക്കുവാനും നടപ്പിലാക്കുവാനും എല്ലാ മന്ത്രിമാരും ബാധ്യസ്ഥരാണ്. മന്ത്രിസഭയുടെ തീരുമാനങ്ങൾ അംഗീകരിക്കുവാൻ വിസമ്മതിക്കുന്ന മന്ത്രിമാർ മന്ത്രിസഭയിൽ നിന്നും രാജി വെച്ച് പിന്മാറേണ്ടതാണ്. ഏതെങ്കിലും ഒരു മന്ത്രിയ്ക്ക് എതിരെ അവിശ്വാസ പ്രമേയം പാസായാൽ പ്രധാനമന്ത്രി ഉൾപ്പടെ എല്ലാ മന്ത്രിമാരും രാജി വെയ്ക്കേണ്ടതാണ്.

**കൂട്ടുകക്ഷി മന്ത്രിസഭാ**

ലോക്സഭ തെരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയ പാർട്ടിയ്ക്കും വ്യക്തമായ ഭൂരിപക്ഷം ലഭിക്കാതെ വരുമ്പോൾ ഒന്നിലധികം രാഷ്ട്രീയ പാർട്ടികൾ ചേർന്ന് കൂട്ടുകക്ഷി മന്ത്രിസഭാ രൂപീകരിക്കുന്നു. 1989- 2014 കാലഘട്ടത്തിൽ ഇന്ത്യയിൽ വിവിധ കൂട്ടുകക്ഷി മന്ത്രിസഭകൾ അധികാരത്തിലെത്തി. കൂട്ടുകക്ഷി മന്ത്രിസഭകൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ വരുത്തിയ പ്രധാന മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രധാനമന്ത്രിയുടെ അധികാരം കുറഞ്ഞു.
2. രാഷ്ട്രപതിയുടെ വിവേചനാധികാരം വർധിച്ചു.
3. മന്ത്രിമാരെ തെരഞ്ഞെടുക്കുന്നതിൽ പ്രധാനമന്ത്രിയുടെ അധികാരം കുറഞ്ഞു.
4. ഗവൺമെന്റ് നയരൂപീകരണത്തിൽ സഖ്യ കക്ഷികളുമായുള്ള ചർച്ചകൾ അനിവാര്യമായി.

e PLUS KERALA in YouTube

5. പല കൂട്ടുകക്ഷി മന്ത്രി സഭകൾക്കും അഞ്ച് വർഷ കാലാവധി പൂർത്തിയയാക്കുവാൻ സാധിച്ചില്ല.
6. പ്രാദേശികരാഷ്ട്രീയ പാർട്ടികൾക്ക് ദേശീയ രാഷ്ട്രീയത്തിൽ കൂടുതൽ പ്രധാന്യം ലഭിച്ചു.

**മന്ത്രിസഭയുടെ വലുപ്പം**

തൊണ്ണൂറ്റിയൊന്നാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ മന്ത്രിമാരുടെ എണ്ണം പാർലമെന്റിലെ/ സംസ്ഥാന നിയമസഭകളിലെ അംഗങ്ങളുടെ മൊത്തം എണ്ണത്തിന്റെ 15% ആയി ചുരുക്കിയിട്ടുണ്ട്. മന്ത്രിസ്ഥാനം നൽകി ജനപ്രതിനിധികളെ വിലയ്ക്കെടുക്കുന്ന പ്രവണത തടയുന്നതിന് വേണ്ടിയായണ് ഈയൊരു വ്യവസ്ഥ നിലവിൽ വന്നത്.

## ബ്യൂറോക്രസി - സ്ഥിരം എക്സിക്യൂട്ടീവ്

നയങ്ങൾ രൂപീകരിക്കുവാനും നടപ്പിലാകുവാനും മന്ത്രിമാരെ സഹായിക്കുന്ന ഉദ്യോഗസ്ഥവൃന്ദമാണ് ബ്യൂറോക്രസി. ഗവൺമെൻറ് ഉദ്യോഗസ്ഥന്മാർ സജീവ രാഷ്ട്രീയ പ്രവർത്തനം നടത്തുവാൻ പാടില്ല. രാഷ്ട്രീയ എക്സിക്യൂട്ടീവും സ്ഥിരം എക്സിക്യൂട്ടീവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ താഴെ കൊടുക്കുന്നു.

| രാഷ്ട്രീയ എക്സിക്യൂട്ടീവ് (മന്ത്രിമാർ) | സ്ഥിരം എക്സിക്യൂട്ടീവ് (ഉദ്യോഗസ്ഥന്മാർ) |
|---|---|
| ● ജനങ്ങൾ തെരഞ്ഞെടുക്കുന്നു | ● മത്സരപരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെടുന്നു |
| ● നിശ്ചിതമായ വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിക്കുന്നില്ല | ● നിശ്ചിതമായ വിദ്യാഭ്യാസ യോഗ്യത ആവശ്യമാണ് |
| ● സ്ഥിരമല്ല. 5 വർഷമാണ് കാലാവധി. | ● സ്ഥിരമാണ്. വിരമിക്കൽ പ്രായം വരെ തുടരാം. |
| ● പരിശീലനം ലഭിച്ചവരല്ല | ● പരിശീലനം ലഭിച്ചവരാണ് |

**ഇന്ത്യൻ സിവിൽ സർവീസിന്റെ ഘടന**

ഇന്ത്യൻ സിവിൽ സർവീസിനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

**അഖിലേന്ത്യാ സർവീസ്** - കേന്ദ്ര ഗവണ്മെന്റിനും സംസ്ഥാന ഗവണ്മെന്റുകൾക്കും കീഴിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥ വിഭാഗമാണ് അഖിലേന്ത്യാ സർവീസിൽ ഉൾപ്പെട്ടിരിക്കുന്നത്. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ്

e PLUS KERALA in YouTube

ePLUS Kerala in YouTube

സർവീസ് ,ഇന്ത്യൻ പോലീസ് സർവീസ്, ഇന്ത്യൻ ഫോറസ്ററ് സർവീസ് എന്നിവയാണ് നിലവിലുള്ള 3 അഖിലേന്ത്യാ സർവീസുകൾ.

**കേന്ദ്ര സർവീസ്** - കേന്ദ്ര സർക്കാറിനു കീഴിൽ മാത്രം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ കേന്ദ്ര സർവീസിന്റെ ഭാഗമാണ്. ഇന്ത്യൻ വിദേശ സർവീസ്, ഇന്ത്യൻ റെയിൽവേ സർവീസ്, ഇന്ത്യൻ റവന്യൂ സർവീസ് സർവീസ് തുടങ്ങിയവ കേന്ദ്ര സർവീസിന് ഉദാഹരണങ്ങളാണ്

**സംസ്ഥാന സർവീസ്** - സംസ്ഥാന സർക്കാറിനു കീഴിൽ മാത്രം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ സംസ്ഥാന സംസ്ഥാന വില്പന നികുതി ഉദ്യോഗസ്ഥന്മാർ, സംസ്ഥാന സിവിൽ സർവീസ് തുടങ്ങിയവ സംസ്ഥാന സർവീസിന്റെ ഭാഗമാണ്.

അഖിലേന്ത്യാ സർവീസിലേയും കേന്ദ്ര സർവീസിലേയും ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കുന്നത് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ ആണ്. സംസ്ഥാന സർവീസിലേയും ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കുന്നത് അതാത് സംസ്ഥാനത്തെ പബ്ലിക് സർവീസ് കമ്മീഷനുകൾ ആണ്.

**ബ്യൂറോസാസിയ്ക്ക് എതിരെയുള്ള വിമർശനങ്ങൾ**

- പല ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരെയും സമീപിക്കുവാൻ പൊതുജനങ്ങൾക്ക് സാധിക്കാറില്ല.
- പല ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും പൊതുജനങ്ങളുടെ പ്രശ്നങ്ങളിൽ താല്പര്യം കാണിക്കാറില്ല.
- പൊതുജനങ്ങളുടെ ആവശ്യങ്ങൾ പലപ്പോഴും കൃത്യസമയത്ത് നിറവേറ്റി കൊടുക്കാറില്ല.
- ഉദ്യോഗസ്ഥന്മാരിൽ അഴിമതിക്കാരുണ്ട്.
- രാഷ്ട്രീയ ഇടപെടൽ മൂലം ഉദ്യോഗസ്ഥന്മാർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധികാത്ത സാഹചര്യങ്ങളുണ്ട്.

*Prepared by ......* **MATHEW JOSEPH / GHSS KOZHICHAL**

e plus KERALA in Youtube

**CLICK ON THE IMAGE TO WATCH THE VIDEO**

